# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 335 | 28.11.2018 ൽ മറുപടിയ്ക്ക് |
|---|---|

## അംഗൻവാടികളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഡി. കെ. മുരളി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** |
| (എ) അംഗനവാടികൾ നവീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | (എ) അങ്കണവാടികളുടെ നവീകരണത്തിന് വനിത ശിശു വികസന വകുപ്പ് കേന്ദ്രസർക്കാരിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെയും സഹകരണത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 1480 അങ്കണവാടികൾക്ക് 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നവീകരണത്തിനായുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2017 18 സാമ്പത്തിക വർഷത്തിൽ 125 അങ്കണവാടികൾക്ക് കൂടി നവീകരണത്തിനായി തുക അനുവദിച്ചു. കൂടാതെ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ(60:40) 2 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 400 അങ്കണവാടികൾക്ക് 800 ലക്ഷം രൂപ ഇതിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്. പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ തനത് ഫണ്ട് ഉപയോഗിച്ചും അങ്കണവാടികൾ നവീകരിച്ചു വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ അംഗൻവാടികളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ? | (ബി) വാമനപുരം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ നെടുമങ്ങാട്, വാമനപുരം, വാമനപുരം അഡീഷണൽ എന്നീ 3 ICDS പ്രോജക്ടുകൾ പ്രവർത്തിക്കുന്നു. ഈ പ്രോജക്ടുകളിലെ ശോചനീയാവസ്ഥയിലുള്ള അങ്കണവാടികളുടെ നവീകരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചുവടെ വിവരിക്കുന്ന പ്രകാരം നവീകരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |

1) ഐസിഡിഎസ് നെടുമങ്ങാടിന് കീഴിലുള്ള അങ്കണവാടികൾ പെയിന്റടിച്ചും ചുവരിൽ ചിത്രങ്ങൾ വരച്ചും മനോഹരമാക്കിയിട്ടുണ്ട്. ഒരു അങ്കണവാടി 3G ആക്കി ഉയർത്തിയിട്ടുണ്ട്. ഒരു അങ്കണവാടിയ്ക്ക് ബേബി ഫ്രണ്ട്ലി ടോയ്‌ലെറ്റ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

2) ഐസിഡിഎസ് വാമനപുരത്തിന് കീഴിൽ വാമനപുരം പഞ്ചായത്തിലെ 6 അങ്കണവാടികൾ 2018-19 വർഷത്തിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നവീകരിച്ചു. കൂടാതെ 11 അങ്കണവാടികൾ 2018-19 സാമ്പത്തിക വർഷത്തിലെ നവീകരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പുല്ലമ്പാറ പഞ്ചായത്തിലെ 5 അങ്കണവാടികൾ LSGD ഫണ്ട് ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

3) വാമനപുരം അഡീഷണൽ ഐസിഡിഎസിൽ 2016-17 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് നന്ദിയോട് ഗ്രാമപഞ്ചായത്തിലെ 6 അങ്കണവാടികൾക്ക് അറ്റകുറ്റപ്പണികൾ നടത്തി. 2017-18 സാമ്പത്തിക വർഷത്തിൽ 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 11 അങ്കണവാടികൾക്ക് തുക വകയിരുത്തുകയും നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. ഇതേ സാമ്പത്തിക വർഷം തന്നെ കല്ലറ ഗ്രാമപഞ്ചായത്തിലെ 2 അങ്കണവാടികൾക്ക് അറ്റകുറ്റപ്പണി നടത്തി. കൂടാതെ നന്ദിയോട് ഗ്രാമപഞ്ചായത്തിലെ 4 അങ്കണവാടികൾക്കും കല്ലറ ഗ്രാമപഞ്ചായത്തിലെ 12 അങ്കണവാടികൾക്കും പാങ്ങോട് ഗ്രാമപഞ്ചായത്തിലെ 15 അങ്കണവാടികൾക്കും 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ കെട്ടിട നവീകരണത്തിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ